പദ്ധതിയിൽ വക കൊള്ളിച്ചിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് മുനമ്പം, ചെമ്പ്, കടപ്പ്, തലവടി എന്നിവിടങ്ങളിൽ മത്സ്യവിപണികളും, ലാൻഡിംഗ് സെന്ററുകളും സ്ഥാപിക്കുന്നതിനുള്ള പണികളും തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

ഉൾനാടൻ മത്സ്യബന്ധനത്തിനുള്ള അവകാശം (Fishing right) ലേലമോ ടെൻഡറോ വിളിക്കാതെ കഴിഞ്ഞ മൂന്നു കൊല്ലങ്ങളിലെ ശരാശരി തുക വച്ച് പാട്ടത്തിനു കൊടുക്കുന്നുണ്ട്. ഇതിൽ സഹകരണസംഘങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്.

മീൻപിടിത്തക്കാരുടെ ഉദ്ധിതാശ്വാസനിധി

* 192. [21] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് മീൻപിടിത്തക്കാരുടെ ഉദ്ധിതാശ്വാസനിധി ഏർപ്പെടുത്തിയോ;

(ബി) ടി നിധിയിൽനിന്നും അർഹരായിട്ടുള്ള മീൻപിടിത്തക്കാരുടെ കുടുംബാംഗങ്ങൾക്ക് ഗ്രാന്റു നൽകിയിട്ടുണ്ടോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഏർപ്പെടുത്തി.
(ബി) ഇല്ല.

ഉദ്ധിതാശ്വാസനിധിയുടെ വിനിയോഗത്തിനുള്ള ചട്ടങ്ങൾ അംഗീകരിച്ചത് 1963 ഡിസംബറിലാണ്. ടി നിധിയിൽനിന്നും ഗ്രാന്റുകൾ നൽകാനുള്ള നടപടി എടുത്തുവരുന്നു.

മൂന്നാം പദ്ധതി

* 193. [22] ശ്രീ. ടി. എ. തൊമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) മൂന്നാം പഞ്ചവത്സര പദ്ധതിയുടെ മൂന്നാംകൊല്ലത്തെ പ്രോഗ്രാം അനുസരിച്ചുള്ളസംഖ്യ ഓരോ ഡിപ്പാർട്ടുമെന്റും എത്ര ശതമാനം ചെലവാക്കി;

(ബി) മുഴുവൻതുകയും ഈ സാമ്പത്തികവർഷത്തിൽ ചെലവാകുമോ; ചെലവാക്കുമോ;

(സി) ആണ്ടിന്റെ അവസാനമാസങ്ങളിൽ കൂടുതൽ തുക ചെലവാക്കുന്ന പ്രവണത കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) വിശദവിവരങ്ങളടങ്ങിയ ഒരു † സ്റ്റേറ്റുമെന്റു് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) മുഴുവൻ തുകയും ഈ സാമ്പത്തികവർഷത്തിൽ തന്നെ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നതു്.

(സി) ആണ്ടിന്റെ അവസാനമാസങ്ങളിൽ കൂടുതൽതുക ചെലവാകുന്ന പ്രവണത കുറയ്ക്കുവാൻ വേണ്ട നടപടികളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

പിന്നാക്കസമുദായ പട്ടികയിൽ ഉൾപ്പെടുത്താൻ നിവേദനം

* 194. [23] ശ്രീ. കെ. എം. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) പിന്നാക്കസമുദായപ്പട്ടികയിൽ ഉൾപ്പെടുത്താൻ അഭ്യർത്ഥിച്ചുകൊണ്ട് ഏതെല്ലാം സമുദായത്തിൽനിന്നും ഗവണ്മെന്റിനു് നിവേദനം കിട്ടിയിട്ടുണ്ട്;

† Appendix IV.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വീരശൈവ സമുദായക്കാക്ക് ഇപ്പോഴും ഏതെല്ലാം ആനുകൂല്യങ്ങളും നൽകിവരുന്നു ;

(സി) കേരള വീരശൈവസമാജം, തൃക്കാരിയൂർ കോതമംഗലം എന്ന സംഘടനയിൽനിന്നും, ഗവണ്മെന്റിനു ലഭിച്ച നിവേദനത്തിന്മേൽ എന്തു് നടപടികളും എടുത്തു?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) ആഗ്ലോ ഇൻഡ്യൻ (മലബാർ), വഡുഗാനായിഡു, ലാറിൻ കാത്തലിക്കർ, പൊരുങ്കൊല്ലൻ (മലബാർ), ഗോള്ള, പരദേശക്ഷത്രിയ, ദൈവസഭ, വെള്ളാള മുതലായ പല സമുദായങ്ങളിൽനിന്നും, പിന്നാക്ക സമുദായപ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനാവശ്യപ്പെട്ടുകൊണ്ടു് അപേക്ഷകൾ ലഭിച്ചിട്ടുണ്ടു്.

(ബി) പ്രാദേശികവ്യത്യാസംകൂടാതെ, കേരളത്തിലെ വീരശൈവ സമുദായക്കാക്ക് ഉദ്യോഗങ്ങൾക്കായി സംവരണം നൽകിയിട്ടുണ്ടു്. കൂടാതെ തിരുവിതാംകൂർ-കൊച്ചിയിലെ വീരശൈവ സമുദായക്കാക്ക് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽനിന്നും മറ്റു പിന്നാക്ക സമുദായങ്ങൾക്കും നൽകിവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളും കൊടുത്തുവരുന്നു.

(സി) ഇങ്ങനെ ഒരു സംഘടനയിൽനിന്നും, ഗവണ്മെന്റിനു നിവേദനം ലഭിച്ചതായി കാണുന്നില്ല.

സെറിൽമെൻറ് സ്കീം.

* 195. [25] ശ്രീ. എം. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെറിൽമെൻറ് സ്കീം അനുസരിച്ചു് ഈ സാമ്പത്തിക വർഷത്തിൽ വീടുകൾ നിർമ്മിക്കുവാനായി നീക്കിവെച്ച സംഖ്യകൾ എത്ര;

(ബി) ഓരോ ജില്ലയിലേക്കും അനുവദിച്ചതായ സംഖ്യ എത്ര?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) 3,25,900 രൂപ.

(ബി)

തിരുവനന്തപുരം	79,590	രൂപ.
കൊല്ലം	47,850	,,
കോട്ടയം	61,850	,,
ആലപ്പുഴ	15,850	,,
എറണാകുളം	16,850	,,
തൃശ്ശൂർ	30,450	,,
പാലക്കാടു്	19,850	,,
കോഴിക്കോടു്	24,020	,,
കണ്ണൂർ	29,590	,,
	3,25,900	,,

സിറ്റി ഇമ്പ്രൂവുമെന്റു് ട്രസ്റ്റു്

* 196. [26] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറ്റി ഇമ്പ്രൂവുമെന്റു് ട്രസ്റ്റും ഗവണ്മെന്റും തമ്മിൽ സിറ്റിയിൽ നടപ്പിലാക്കുവാനുള്ള പദ്ധതികളെസംബന്ധിച്ചു് എന്തെങ്കിലും അഭിപ്രായവ്യത്യാസങ്ങളുണ്ടായിട്ടുണ്ടോ;

(ബി) ട്രസ്റ്റിന്റെ ചെയർമാനായിരുന്ന മിസ്റ്റർ കുഞ്ഞുകൃഷ്ണപിള്ള ഉദ്യോഗത്തിലിരിക്കുമ്പോൾ ഗവണ്മെന്റിൽ സമർപ്പിച്ചിട്ടുള്ള ഇമ്പ്രൂവുമെന്റു് സ്കീമുകൾ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly